# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.16-ന് രാവിലെ 11.00 മണിയ്ക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് നടന്ന യോഗ നടപടിക്കുറിപ്പ്.

3 പ്രത്യേക വിഷയങ്ങൾ

3.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 20% തുക ഉല്പ്പാദന മേഖലയ്ക്കും 10% തുക മാലിന്യസംസ്കരണത്തിനുമായി വകയിരുത്തേണ്ടതാണെന്ന് തീരുമാനിച്ചു.

3.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഡി.പി.സി അംഗീകാരത്തിന് 2016 ജൂലൈ 15 വരെ സമയം അനുവദിച്ച് തീരുമാനിച്ചു.

3.3 ഈ സാമ്പത്തിക വർഷം പദ്ധതി രൂപീകരണത്തിന് വർക്കിംഗ് കമ്മിറ്റി രൂപീകരണം, പ്രോജക്ട് വെറ്റിംഗ്, ഗ്രാമസഭ, അയൽസഭ ഇവയുടെ തീരുമാനം ഈ കാര്യങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2015-2016) നിലനിന്നിരുന്ന നടപടിക്രമങ്ങൾ തുടരാവുന്നതാണെന്ന് തീരുമാനിച്ചു.

3.4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായും 5% തുക വികലാംഗർക്കായും, കുട്ടികൾക്കായും വകയിരുത്തണമെന്ന് തീരുമാനിച്ചു.

3.5 നെൽവിത്ത് സബ്സിഡി ഭൂവിസ്തൃതി കണക്കാക്കാതെ എല്ലാ കർഷകർക്കും (പാട്ടകൃഷിക്കാർ ഉൾപ്പെടെ) 100% മായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു. കൂലി ചെലവ് സബ്സിഡി പാട്ടകൃഷിക്കാർക്കും നൽകുന്നതിന് തീരുമാനിച്ചു.

പച്ചക്കറി കൃഷിയുടെ സബ്സിഡി 1 ഹെക്ടർ (2 ½ ഏക്കർ) വരെ കൃഷി ചെയ്യുന്ന കർഷകർക്കും നൽകാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുന്നു. സംഘമായി ചേർന്ന് കൃഷി ചെയ്യുന്നതിന് ഭൂവിസ്തൃതി കണക്കാക്കാതെ സബ്സിഡി നൽകാവുന്നതാണ്.

3.6 പരിശീലനം ലഭിച്ച ആളുകൾ ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാർഷിക കർമ്മസേനയുടെ രൂപീകരണത്തിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

3.7 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്ക് യോഗപരിശീലനത്തിന് ആയുഷുമായി സഹകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കാവുന്നതാണ്.

3.8 ഹൈസ്കൂളിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന എൽ.പി, യു.പി സ്കൂളുകളുടെ Infrastructure Development നായി ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് വിനിയോഗം നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

3.9 സ്വന്തമായി വരുമാനം ഇല്ലാത്ത 25 വയസ്സിൽ താഴെ പ്രായമുള്ള ആൺമക്കളുള്ള ബി.പി.എൽ വിധവകൾക്ക്, നിലവിൽ വിധവകൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനിച്ചു.

3.10 പട്ടികജാതി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സബ്സിഡി നിരക്കുകൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി രണ്ടു വകുപ്പുകളും യോജിച്ച് പ്രവർത്തിക്കണമെന്ന് തീരുമാനിച്ചു. ഈ രണ്ടു വകുപ്പുകളും ഗ്രാമസഭ/വാർഡുസഭ, ഗുണഭോക്തൃ ലിസ്റ്റിൽ നിന്നായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.

3.11 ജൈവവള സബ്സിഡി പണമായി ബാങ്ക് അക്കൗണ്ടുകൾ വഴി നൽകേണ്ടതാണെന്ന് തീരുമാനിച്ചു. കേരളത്തിൽ ഉല്പ്പാദിപ്പിക്കുന്നതും ശുചിത്വ മിഷൻ സാക്ഷ്യപ്പെടുത്തിയതുമായ സ്ഥാപനങ്ങളോ, വ്യക്തികളോ ഉല്പ്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്.

3.12 കൃഷി വകുപ്പ് സാക്ഷ്യപ്പെടുത്തിയ ജൈവ കീടനാശിനികൾക്ക് മാത്രമേ സബ്സിഡി നൽകാവൂ.

3.13 മൂലധന ആസ്തികൾക്ക് ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളെ 10 വർഷങ്ങൾക്ക് ശേഷം ധനസഹായം നൽകുന്നതിന് വീണ്ടും പരിഗണിക്കാവുന്നതാണ്. എന്നാൽ ആവർത്തന ചെലവുകൾക്ക് സമയ പരിധി ബാധകമല്ല.

3.14 മിൽമയുടെ പാൽ സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പാൽ ഉല്പ്പാദനത്തിന് ആനുപാതികമായി നൽകുന്ന സബ്സിഡി പരിധി നിലവിലുള്ള 10,000/- രൂപയിൽ നിന്ന് 20,000/- രൂപയായി വർദ്ധിപ്പിച്ച് തീരുമാനിച്ചു. ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീര കർഷകർക്ക് പാൽ ഉല്പ്പാദനത്തിന് ആനുപാതികമായി, മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 10,000/- രൂപ വരെ കാലിത്തീറ്റ സബ്സിഡി നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

3.15 സർക്കാർ എൽ.പി, യു.പി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി തീരുമാനിച്ചു.

3.16 ഉറവിട മാലിന്യ സംസ്കരണവും, നഗരസഭ നിർദ്ദേശിക്കുന്ന ആരോഗ്യ പ്രവർത്തനങ്ങളും നടത്തുന്നതിന് ആശാ വർക്കർമാർക്ക് അധിക ഹോണറേറിയം നൽകുന്ന വിഷയം പഠിച്ച് അടുത്ത സി.സി കമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് S.P.A.O-യെ ചുമതലപ്പെടുത്തി.

3.17 സാന്ത്വനം ഗൃഹപരിചരണ പദ്ധതിയിൻ കീഴിൽ ഹോംകെയറിനു പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് 180/- രൂപയിൽ നിന്നും 250/- രൂപയായി വർദ്ധിപ്പിച്ച് തീരുമാനിച്ചു.

3.18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്ക് നൽകി വരുന്ന തുക യഥാക്രമം 40%, 40%, 20% എന്നിങ്ങനെ മൂന്നു ഗഡുക്കളായി നൽകുന്നതിന് തീരുമാനിച്ചു.

3.19 എസ്.സി വിഭാഗത്തിന് വീട് വയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വാങ്ങുമ്പോൾ ഗുണഭോക്താക്കളുടെ 5 പ്രതിനിധികളും, എസ്.സി വാർഡ് മെമ്പറും അടങ്ങിയ ഒരു സമിതിയുടെ അംഗീകാരത്തോടെയായിരിക്കണം എന്ന് തീരുമാനിച്ചു.

3.20 എസ്.സി വിഭാഗത്തിന് വിവാഹ ധനസഹായം നൽകുന്നതിന് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്കും നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

3.21 ഓഡിറ്റുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിശോധിക്കുന്നതിന് കിലയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളും ഓഡിറ്റ് വിഭാഗവും ഒന്നിച്ചിരുന്ന് ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് തീരുമാനിച്ചു.

3.22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകളുടെ 10% എങ്കിലും പ്ലാസ്റ്റിക് നിർബന്ധമാക്കണമെന്ന് തീരുമാനിച്ചു. ഇതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പുറപ്പെടുവിക്കേണ്ടതാണ്.

3.23 ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് രണ്ട് ഉദ്യോഗസ്ഥർ പരിശോധിച്ച് ഗ്രാമസഭ/വാർഡു സഭകളുടെ അംഗീകാരം നേടേണ്ടതാണ് എന്ന് തീരുമാനിച്ചു.

3.24 സോളാർ ഉപകരണങ്ങൾ മുഖേന ഉല്പ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ സാധ്യതാ പഠനം നടത്തുന്നതിന് ഇ.എം.സി, അനർട്ട്, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. സൗരോർജ്ജ സാധ്യതാ പഠനം നടത്തുന്നതിന് 2000/- രൂപ വരെ സി-ഡിറ്റിന് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്യാൻ തീരുമാനിച്ചു.

3.25 വി.ഇ.ഒ മാരും, എഞ്ചിനീയർമാരും അവരവർ ജോലി ചെയ്യുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിർബന്ധമായും ഹാജർ രേഖപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു.

3.26 ഫയൽ നം.**തസ്വഭവ-ഡി.സി3/194/16-തസ്വഭവ**

മരാമത്ത് പണികൾക്ക് സ്വകാര്യ കോൺട്രാക്ടർമാർ സമർപ്പിക്കുന്ന ഏറ്റവും കുറഞ്ഞ ക്വട്ടേഷനേക്കാൾ 10% അധികം തുക ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് നൽകണമെന്ന ആവശ്യം നിരസിച്ചു.

3.27 അനുബന്ധമായി ചേർക്കുന്നു.

3.28 കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗ് എല്ലാ മാസവും രണ്ടാമത്തേയും നാലാമത്തെയും ബുധനാഴ്ച രാവിലെ 11 മണിക്ക് ചേരുന്നതിന് തീരുമാനിച്ചു.

യോഗം 2.15 ന് അവസാനിച്ചു.

അനുബന്ധം

3.27.

സംസ്ഥാനം പൊതുസ്ഥലത്ത് മലവിസർജനമുക്തമാക്കുന്ന (Open Defecation Free - ODF) കാമ്പയിന്റെ ഭാഗമായുള്ള തീരുമാനങ്ങൾ

1. ഗ്രാമ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന വികസന ഫണ്ട്, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ പദ്ധതി സഹായം ലഭ്യമാക്കി വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണം നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി ഏർപ്പെടുന്ന ഉടമ്പടി മുദ്ര പത്രത്തിൽ വേണ്ടതില്ലായെന്നും വെള്ള പേപ്പറിൽ മതിയെന്നും നിശ്ചയിച്ച് നടപടിയ്ക്കായി അതാത് തദ്ദേശ സ്വയം ഭരണ സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.

2. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ന്റെ ഒന്നാം ഗഡു കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കാൻ വൈകിയ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾ വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണത്തിനുള്ള പണം പ്ളാൻ ഫണ്ടിൽ നിന്നും തനതു ഫണ്ടിൽ നിന്നുമായി വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അഡ്ഹോക് ഡി.പി.സി.യുടെ അംഗീകാരം വാങ്ങേണ്ടതാണ്. വ്യക്തിഗത ഗാർഹിക കക്കൂസ് നിർമാണത്തിന് ഗുണഭോക്താക്കൾക്ക് 2 ഗഡുക്കളായി സഹായം നൽകാവുന്നതും ഒന്നാം ഗഡു (50%) അഡ്വാൻസായി നൽകാവുന്നതുമാണ്. ജലനിധി നേരിട്ട് ഗാർഹിക കക്കൂസ് നിർമാണം നടത്തുന്ന ഗ്രാമ പഞ്ചായത്തുകളിൽ പ്രോജക്ട് തയ്യാറാക്കേണ്ടതില്ല.

3. മാലിന്യം സംസ്കരിക്കപ്പെടുന്ന ഡൈജസ്റ്റർ ഭാഗം പൊട്ടിപൊളിഞ്ഞ ഗാർഹിക കക്കൂസുകൾ അറ്റകുറ്റപണി നടത്തി സാനിട്ടറിയായി മാറ്റേണ്ടതും ഏറ്റവും പ്രാധാന്യമർഹിക്കുന്ന വികസന പ്രശ്നമായതിനാൽ ആയതിലേക്കുള്ള പണം ഗ്രാമ പഞ്ചായത്തുകൾ തങ്ങൾക്ക് ലഭ്യമായ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ വകയിരുത്തി ചെലവഴിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചു.